പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6010 08.07.2013 - ൽ മറുപടിയ്ക്ക്

**സ്നേഹപൂർവ്വം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.റ്റി. ജോർജ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതി വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) യും (ബി) യും | പരിഗണനയിലില്ല |
| (ബി) | വിപുലീകരിക്കാനുദ്ദേശിക്കുന്ന മേഖലകൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതി വഴി നൽകുന്നത്; വിശദമാക്കുമോ ; | (സി) | 1-ാം ക്ലാസ്സു മുതൽ 5-ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് പ്രതിമാസം 300/- രൂപയും, 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും, +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും , ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ പ്രതിമാസ വീതവുമാണ് ധനസഹായമായി നൽകുന്നത്. |
| (ഡി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ? | (ഡി) | പദ്ധതി ആനുകൂല്യങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ചും അപേക്ഷ ഫോറം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അർഹരായവരുടെ കൈകളിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, എല്ലാ ശിശുവികസന പദ്ധതി ഓഫിസർമാർക്കും, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ യഥാസമയം പരിശോധിച്ച് ആനുകൂല്യം അനുവദിക്കുന്നതും അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ കോർപ്പറേറ്റ് ബ്രാഞ്ചിൽ പ്രത്യേക അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടുമുണ്ട്. |

R. Vijay

സെക്ഷൻ ഓഫീസർ